# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 194 — 08.03.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ<br>" ജെയിംസ് മാത്യു<br>" മുരളി പെരുനെല്ലി<br>" കെ.വി.വിജയദാസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയുടെ വികസനത്തിന് അനിവാര്യ ശക്തിയായതും ഒരു ലക്ഷത്തി നാല്പതിനായിരം കോടി രൂപ അറ്റ നിക്ഷേപമുള്ളതുമായ സഹകരണ മേഖല നേരിടുന്ന ഹ്രസ്വകാല-ദീർഘകാല പ്രതിസന്ധികൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട്.<br><br>**ഹ്രസ്വകാല പ്രതിസന്ധികൾ**<br>ഉയർന്ന മൂല്യമുള്ള 500, 1000 നോട്ടുകൾ കേന്ദ്ര സർക്കാർ അസാധുവാക്കിയതിനെ തുടർന്ന് കേരളത്തിലെ സഹകരണ മേഖലയിൽ താത്ക്കാലിക പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. പണലഭ്യതയുടെ കുറവ് മൂലം നിക്ഷേപ വരവ്, വായ്പാവിതരണം, വായ്പാതിരിച്ചടവ് ഇവയിൽ നേരിയ കുറവ് സഹകരണ ബാങ്കുകളിൽ ഉണ്ടായിട്ടുണ്ട്. പ്രൈമറി സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പിൻവലിക്കാവുന്ന നിക്ഷേപം ആഴ്ചയിൽ 24,000/- രൂപയായി പരിമിതപ്പെടുത്തിയത് പ്രൈമറി സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു.<br><br>**ദീർഘകാല പ്രതിസന്ധികൾ**<br>1949 ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ 2012 ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം, വാണിജ്യ ബാങ്കുകൾക്ക് സമാനമായ രീതിയിൽ സഹകരണ ബാങ്കുകൾക്ക് റെഗുലേറ്ററി നോംസ് നിശ്ചയിച്ച് നൽകിയതും സേവനനികുതി സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയതും ആദായ നികുതി നിയമത്തിലെ വകുപ്പ് 80 പി പ്രകാരം സഹകരണ ബാങ്കുകൾക്ക് ഉണ്ടായിരുന്ന ഇളവ് ഒഴിവാക്കിയതും ദീർഘകാലാടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കാവുന്നവയാണ്. ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന്റെ അഭാവത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചുകൊണ്ട് RTGS, |

NEFT, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നടപ്പിലാക്കാത്തത് സഹകരണ ബാങ്കിംഗ് മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചേക്കാം.

ബി) പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം മൂലമുണ്ടായ താത്കാലിക പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും സഹകരണ മന്ത്രിയും നിരവധി നിവേദനങ്ങൾ നൽകുകയും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തെങ്കിലും അനുകൂല നടപടികൾ ഉണ്ടായില്ല. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ടി സംഘങ്ങളിലെ ഇടപാടുകാർക്കു വേണ്ടി ജില്ലാ സഹകരണ ബാങ്കുകളിൽ മിറർ അക്കൗണ്ട് തുടങ്ങി സഹായം നൽകുകയുണ്ടായി. സഹകരണ ബാങ്കിലെ നിക്ഷേപകരുടെ ആത്മവിശ്വാസം ഉയർത്തുന്നതിനായി സർക്കാർ ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുകയുണ്ടായി. കൂടാതെ 'സഹകരണ നിക്ഷേപസുരക്ഷാ ക്യാമ്പയിൻ' സഹകാരികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

റിസർവ്വ് ബാങ്കിന്റെ റെഗുലേറ്ററി നോംസ് വഴി സഹകരണ ബാങ്കുകൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ സംസ്ഥാന സർക്കാർ കൊണ്ടുവരികയുണ്ടായി. പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി) സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് സഹകരണ പ്രസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

(സി) സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തെ മുൻനിർത്തി സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ ബാങ്കുകളുടെ ഒരു അപ്പക്സ് സ്ഥാപനമായി 'കേരള സഹകരണ ബാങ്ക്' രൂപീകരിക്കുന്നതിനും, അതുവഴി ധനനിക്ഷേപങ്ങളും, ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ടു വരുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രാദേശിക വികസനം സാദ്ധ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള വായ്പാപലിശ നിരക്കിൽ ഗണ്യമായ കുറവ് സാധ്യമാക്കുക, ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ സാധിക്കത്തക്ക വിധം ബാങ്കുകളുടെ വായ്പാ വിഹിതം

വർദ്ധിപ്പിക്കുക, പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലകശക്തിയായി വർത്തിക്കുവാൻ സഹകരണ ബാങ്കുകളെ പ്രാപ്തരാക്കുക, NRI നിക്ഷേപമടക്കം നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക വിധത്തിൽ ആധുനിക ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി ബാങ്കിംഗ് മേഖലയിലെ നിർണ്ണായക ശക്തിയായി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ മുഖ്യപങ്ക് വഹിക്കുവാൻ സാധിക്കത്തക്ക രീതിയിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുക എന്നിവ ഇതിലൂടെ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**